പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4237 | 25.06.2018-ൽ മറുപടിക്ക്

## ഇതര സംസ്ഥാനതൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് എന്ന് അറിയിക്കുമോ; ഇതിൽ അംഗമല്ലാത്ത എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് അറിയിക്കുമോ;<br><br>(ബി) ഇവരെക്കൂടി ഈ ക്ഷേമപദ്ധതികളിൽ അംഗമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (എ)&<br>(ബി) | ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 19.06.2018 വരെ 2,75,277 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 30.04.2018 വരെ 55,359 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതികളിൽ അംഗമല്ലാത്തവരുടെ വിവരം ശേഖരിച്ചിട്ടില്ല. സംസ്ഥാനത്ത് ജോലി ചെയ്യുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയും അവരുടെ വിവരങ്ങൾ ശേഖരിച്ചും "ആവാസ്" പദ്ധതിയിൽ അവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് നടത്തിവരികയാണ്. സ്കാറ്റേർഡ് ആയി പല മേഖലകളിലും ജോലി ചെയ്യുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ ഇത്തരത്തിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.